# നിക്കോദിമോസുമായുള്ള സംഭാഷണം

വാക്യം 3:1-3 *''പരീശന്മാരുടെ കൂട്ടത്തിൽ യെഹൂദന്മാരുടെ ഒരു പ്രമാണിയായി നിക്കോദിമോസ് എന്നു പേരുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ രാത്രിയിൽ അവന്റെ അടുക്കൽ വന്ന് അവനോട്: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്ന് ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്ന് ഞങ്ങൾ അറിയുന്നു. ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു.''*

ബൈബിൾ ഇന്നത്തെപ്പോലെ അദ്ധ്യായങ്ങളായി തിരിച്ചത് വളരെ പിൽക്കാലത്താണ്. 3-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന വിഷയം 2-ാം അദ്ധ്യായത്തിന്റെ തുടർച്ചയാണ്. ഈ അദ്ധ്യായം ആരംഭിക്കുമ്പോൾ മൂലഭാഷയിൽ എന്നാൽ എന്ന ഒരു പ്രയോഗം കാണാം. 2-ാം അദ്ധ്യായത്തിന്റെ ഒടുവിലായി പറഞ്ഞവസാനിപ്പിച്ച വിഷയം ദേവാലയശുദ്ധീകരണമായിരുന്നു. അതിന്റെ പരിണിതഫലമായി കുറേപ്പേർ യേശുവിൽ വിശ്വസിച്ചു. കാരണം, പരീശന്മാരും പള്ളിപ്രമാണികളും എല്ലാവരും കൂടി ചേർന്ന് കൈയ്യടക്കി വെച്ചുകൊണ്ടിരുന്ന പള്ളിഭരണത്തിന്റെ തെറ്റായ പ്രവണതകളെ ചോദ്യം ചെയ്യാൻ ആരും ധൈര്യപ്പെടാതിരുന്ന ആ സമയത്ത് അവരുടെ എതിർപ്പുകളെ വകവെയ്ക്കാതെ യേശു ഒറ്റയ്ക്കു വലിയ ദൈവീക അധികാരത്തോടെ അവിടെയുണ്ടായിരുന്ന അനാചാരങ്ങളെ ചോദ്യം ചെയ്യുകയും സകല ബിസിനസ്സുകാരേയും പള്ളി കോമ്പൗണ്ടിൽ നിന്ന് അടിച്ചു വെളിയിലാക്കുകയും ചെയ്തപ്പോൾ അന്നത്തെ സാഹചര്യം വെച്ചുനോക്കുമ്പോൾ ഒരു സാധാരണ മനുഷ്യനെക്കൊണ്ട് ചെയ്യാൻ കഴിയുന്ന ഒരു കാര്യമല്ല യേശു അവിടെ ചെയ്തത്. അതുകണ്ടുനിന്നവരിൽ കുറെപ്പേർ യേശുവിൽ വിശ്വസിച്ചു. എന്നാൽ അങ്ങനെ വിശ്വസിച്ചവരുടെ വിശ്വാസം ഒന്നും യേശു അത്ര കാര്യമായി എടുത്തില്ല. കാരണം അവരുടെ വിശ്വാസം ആഴമുള്ളതല്ല എന്നേശുവിനറിയാമായിരുന്നു. ആരെങ്കിലും മറ്റൊന്നു പറഞ്ഞാൽ ഇവർ പെട്ടെന്ന് മറ്റെ ചേരിയിലേക്ക് മാറാനുള്ളതേയുള്ളു. എങ്കിലും താൽക്കാലികമായാണെങ്കിൽ പോലും യേശുവിന്റെ പക്ഷത്ത് കുറേപേർ അണിനിരന്നു. പിന്നെ വേറൊരു കൂട്ടർ പള്ളികോമ്പൗണ്ടിൽ നിന്നും അടിച്ച് പുറത്താക്കപ്പെട്ടവരാണ്. അവരെല്ലാം കൂടെ ചേർന്ന് വേറൊരു കൂട്ടമായി സംഘടിച്ചു. അവർക്ക് പള്ളിഭരണക്കാരുടെ സപ്പോർട്ടുണ്ട്. അവർ വന്നു ചോദിച്ചു, നീ ആരാ, നിനക്ക് ആരാ ഈ അധികാരമൊക്കെ തന്നത്? ഞങ്ങൾ ഇവിടെ ബിസിനസ്സ് തുടങ്ങിയത് ഇന്നും ഇന്നലെയും ഒന്നുമല്ല. ഇവിടുത്തെ പള്ളിക്കമ്മിറ്റി ബിസിനസ്സു നടത്താൻ ഞങ്ങൾക്ക് പെർമിറ്റ് തന്നിട്ടുണ്ട്. ഞങ്ങൾ റെന്റു കൊടുത്താണ് ഇവിടെ മുറിയെടുത്തിരിക്കുന്നത്. അങ്ങനെയിരിക്കെ നിങ്ങളാരാ ഞങ്ങളോടു പോകാൻ പറയാൻ. അവർ വലിയ പ്രശ്നം ഉണ്ടാക്കി. പ്രമാണികൾ അവിടെ വന്നു. ചേവകർ എന്നുപറയുന്ന ഒരു കൂട്ടർ ഉണ്ട്. ഇന്നത്തെ നമ്മുടെ ഭാഷയിൽ പറഞ്ഞാൽ വാടകഗുണ്ടകൾ. പ്രമാണികൾ ഒന്നു ഞൊടിച്ചാൽ മതി അവർ പറയുന്ന ആളുകളെ എത്രയും വേഗത്തിൽ അവർ കൈകാര്യം ചെയ്തുകൊള്ളും. ആരും ചോദിക്കാനില്ല. പക്ഷെ അവർക്കാർക്കും യേശുവിനെ ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. യേശു വളരെ കൂളായിട്ട് അവരുടെ മുമ്പിൽ കൂടി നടന്നുപോയി. അപ്പോൾ അവിടെ നിൽക്കുന്ന ആൾക്കാർ രണ്ടു ഗ്രൂപ്പായി. യേശുവിന്റെ ഈ ധീരമായ പ്രവർത്തിയിൽ ആകൃഷ്ടരായി യേശുവിന്റെ പക്ഷം ചേർന്നുനിൽക്കുന്ന ഒരു കൂട്ടർ. പിന്നെ യേശുവിന്റെ പ്രവർത്തിയെ ചോദ്യം ചെയ്യുന്ന മറ്റൊരു കൂട്ടർ.

ഇനിയും മൂന്നാമത് ഒരു കൂട്ടരെക്കൂടെ നമുക്കിവിടെ പരിചയപ്പെടാം. അതിന്റെ വക്താവാണ് നിക്കോദിമോസ്. നിക്കോദിമോസ് വന്നിട്ട് യേശുവിനോടു പറയുകയാണ്, നീ ദൈവത്തിന്റെ അടുക്കൽ നിന്നും ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്ന് ഞങ്ങൾ അറിയുന്നു. എന്നു പറഞ്ഞാൽ നിന്റെ ടീച്ചിംഗ് ഞങ്ങൾക്ക് വളരെ ഇഷ്ടപ്പെട്ടു. ആരാണീ മനുഷ്യൻ? അദ്ദേഹം ഒരു പരീശനാണ്. ആരാണ് പരീശൻ? യഹൂദസമുദായത്തിലെ നവീകരണ പ്രസ്ഥാനക്കാർ. അതായത്, യഹൂദസമുദായം അധഃപ്പതിച്ചുപോകുമ്പോൾ ഈ മതത്തെ ഉദ്ധരിക്കാൻ കൂടുതൽ തീഷ്ണതയോടും തീവ്രതയോടും കൂടെ എഴുന്നേറ്റ ഒരു കൂട്ടർ. അപ്പോസ്തോലനായ പൗലൂസ് അത്തരത്തിലുള്ള ഒരു പരീശനായിരുന്നു. എന്നാൽ ഇവർ യേശുവിനെ വളരെ വിമർശിക്കയും യേശുവിനെ ക്രൂശിക്കാൻ കൂട്ടുനിൽക്കുകയും ആണ് ചെയ്തത്. മതവിശ്വാസം നല്ലതാണ്. എന്നാൽ അത് തീവ്ര്വവാദമായിപ്പോയാൽ കൊലപാതകത്തിൽ ചെന്ന് കലാശിക്കും. നിക്കോദിമോസ് ഒരു പരീശനായിരുന്നുവെന്നു മാത്രമല്ല അവനൊരു പ്രമാണിയും കൂടെ ആയിരുന്നു. പ്രമാണി എന്ന് എടുത്തുപറയണമെങ്കിൽ സമൂഹത്തിൽ എന്തെങ്കിലും പൊസിഷൻ ഉള്ള ആളും കൂടെ ആയിരുന്നിരിക്കണം. അടുത്തായി അവൻ ഒരു ഉപദേഷ്ടാവാണ്. പ്രായമുള്ള ആളാണ്. എല്ലാവരും ബഹുമാനിക്കപ്പെടുന്ന ആളാണ്. അദ്ദേഹത്തിന്റെ വാക്കിന് സന്നിദ്രീം സംഘത്തിൽ വരെ വിലയുണ്ട്.

അടുത്ത വാക്യം, അവൻ രാത്രിയിൽ അവന്റെ അടുക്കൽ വന്നു അവനോട് റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നും ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്ന് ഞങ്ങൾ അറിയുന്നു. ദൈവം തന്നോടുകൂടെയില്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്യുവാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു. എത്ര മനോഹരമായ ഒരു പ്രസ്ഥാവനയാണെന്ന് നോക്കുക. ഈ മാന്യനായ മനുഷ്യൻ യേശുവിന്റെ അടുക്കൽ വന്നിട്ട് പറയുകയാണ്, നീ ദൈവത്തിന്റെ അടുക്കൽ നിന്നും വന്ന ഉപദേഷ്ടാവാണെന്ന് ഞങ്ങൾ അറിയുന്നു. ഞങ്ങൾ എന്നു പറഞ്ഞിരിക്കുന്നതിനാൽ നിക്കോദിമോസ് എന്ന ഒരു വ്യക്തി മാത്രമല്ല വന്നിരിക്കുന്നത്, ഒരു ഗ്രൂപ്പാളുകൾ തന്നെ നിക്കോദിമോസിന്റെ കൂടെയുണ്ടെന്ന് മനസ്സിലാക്കാം. അവരിൽ പ്രധാനിയായിരുന്നു നിക്കോദിമോസ്.

നിക്കോദിമോസ് വന്നിരിക്കുന്നത് യേശുവിനെക്കുറിച്ചും യേശുവിന്റെ ഉപദേശങ്ങളെക്കുറിച്ചും പഠിക്കുവാനാണ്. കല്യാണവീട്ടിലെ അത്ഭുതം കണ്ട് കുറെപ്പേർ യേശുവിൽ വിശ്വസിച്ചു. യരുശലേം ദേവാലയത്തിൽ ചെയ്ത ധീരമായ പ്രവർത്തി കണ്ട് വേറെ ചിലർ യേശുവിൽ വിശ്വസിച്ചു. എന്നാൽ നിക്കോദിമോസിനെ ആകർഷിച്ചത് ഇതുരണ്ടുമല്ല. യേശു ഈ കാര്യങ്ങളൊക്കെ ചെയ്യുമ്പോൾ അവന്റെ വ്യക്തിത്വത്തിലേക്കാണ് നിക്കോദിമോസ് ഉറ്റുനോക്കിയത്. നിക്കോദിമോസിന്റെ മനസ്സിനെ അസ്വസ്ഥമാക്കിയ ചിന്ത, ഈ യേശു പറയുന്ന വ്യക്തി ആരാണെന്നുള്ളതാണ്. പ്രിയപ്പെട്ടവരെ, ഇതാണ് നമുക്കും വേണ്ടത്. യേശു നമുക്കു വേണ്ടി എന്തുചെയ്തു എന്നുള്ളത് ഒരു വലിയ വിഷയം തന്നെ, എന്നാൽ അതിനേക്കാൾ വലിയ വിഷയമാണ് അവൻ ആരാണ് എന്നുള്ള അറിവു ലഭിക്കുന്നത്. നിക്കോദിമോസ് യേശുവിന്റെ അടുക്കൽ വന്നത് ഒരു രോഗശാന്തിക്കുവേണ്ടി

യായിരുന്നില്ല. കൂടുതൽ സമ്പന്നനാകാൻ വേണ്ടിയായിരുന്നില്ല. തന്റെ വസ്തു വീതം വെയ്ക്കുന്ന കാര്യം പറയുവാനായിരുന്നില്ല. വഴക്കു പറഞ്ഞുതീർക്കുവാനായിരുന്നില്ല. . യേശുവിന്റെ പഠിപ്പിക്കലുകളെക്കുറിച്ച് കൂടുതൽ അറിയുവാനാണ്. യേശുവിനെ ഒരു അദ്ധ്യാപകനായിട്ടാണ് നിക്കോദിമോസ് കണ്ടത്. എത്ര ശരിയായ ഒരു തിരിച്ചറിവാണത്. സ്വർഗ്ഗത്തെക്കുറിച്ച് പറവാൻ അധികാരമുള്ളവൻ. ദൈവത്തെക്കുറിച്ച് ശരിയായ അറിവ് പകർന്നുതരാൻ കഴിവുള്ളവൻ. മരണത്തെക്കുറിച്ചും മരണാനന്തരജീവിതത്തെക്കുച്ചും അധികാരികമായി പറഞ്ഞുതരാൻ കഴിവുള്ളവൻ. ഈ വിഷയങ്ങളെക്കുറിച്ച് ആധികാരികമായി പറഞ്ഞുതരാൻ കഴിവുള്ള ഒരദ്ധ്യാപകനെ നിക്കോദിമോസ് യേശുവിൽ കണ്ടു.

ഇവൻ രാത്രിയിൽ വന്നത് മറ്റു മനുഷ്യരെ ഭയന്നിട്ടാണെന്ന് പഠിപ്പിക്കുന്നവരുണ്ട്. എന്നാൽ അതുശരിയല്ല. ഞാൻ വിചാരിക്കുന്നത്, നിക്കോദിമോസ് ഒരു appointment ബുക്കു ചെയ്തു വന്നതാണ്. കാരണം യേശു വളരെ തെരക്കുള്ള ആളാണ്. അൽപം സാവകാശം വേണം. അവൻ ധൃതിവെച്ച് ഓടിപ്പോകാൻ വന്നതല്ല. ചില കാര്യങ്ങൾ അറിയാൻ വന്നതാണ്. അതായത്, പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയതും അന്നത്തെ ആർക്കും നിയന്ത്രിക്കാൻ പറ്റാത്ത പള്ളിക്കച്ചവടലോബിയെ നിമിഷനേരം കൊണ്ട് അടിച്ചു വെളിയിലാക്കിയതും ഒരു സാധാരണ മനുഷ്യന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല. യഹൂദന്മാരുടെ ഇടയിലെ പണ്ഡിതനായ ഈ മനുഷ്യൻ പറയുന്നു ദൈവം നിന്നെ അയച്ചതുകൊണ്ടും ദൈവം നിന്നോടുകൂടെ ഉള്ളതുകൊണ്ടും ആണ് നിനക്കിതൊക്കെ ചെയ്യുവാൻ കഴിഞ്ഞത്. അപ്പോൾ യേശു ചെയ്യുന്ന അത്ഭുതപ്രവർത്തികൾ അവന്റെ ദൈവീകത്വത്തിന്റെ മുദ്രയാണെന്ന് അംഗീകരിച്ച മനുഷ്യനായിരുന്നു നിക്കോദിമോസ്.

3-ാം വാക്യം. *യേശു അവനോട് ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല.* അവനെന്തിനു വന്നുവെന്നോ എന്താണാവശ്യമെന്നോ ചോദിച്ചറിയുന്നതിനു മുമ്പുതന്നെ യേശു വിഷയത്തിലേക്ക് വരുന്നു. വീണ്ടുംജനനം എന്ന ആശയം യേശു ഇതുവരെ ആരോടും പറയാത്ത ഒരാശയമാണ്. അതിവിടെ യേശു നിക്കോദിമോസിനോട് പറയുന്നു. എന്താണ് അങ്ങനെ പറയാൻ കാരണം? അതായത്, സഖായി യേശുവിനെ കാണാനായിട്ട് മരത്തിൽ കയറിയപ്പോൾ അവനോട് കൂടുതലായി ഒന്നും പറഞ്ഞില്ല. വേഗം ഇറങ്ങിവാ ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാണെന്നേ പറഞ്ഞുള്ളു. അപ്പോൾ അവന്റെ ജീവിതത്തിൽ മാനസാന്തരവും സമർപ്പണവും ഉണ്ടായി. ഓരോരുത്തരോടും അവരവരുടെ നിലയിലാണ് യേശു ഇടപെടുന്നത്. ഈ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു മുഖവുര ആവശ്യമില്ല. അവൻ കടന്നുവന്നപ്പോഴെ യേശു തന്റെ ടീച്ചിംഗിന്റെ കാതലായ വിഷയം എടുത്തിട്ടു. ഇവൻ പറഞ്ഞു, നീ ദൈവത്തിന്റെ അടുക്കൽ നിന്നും ഉപദേഷ്ഠാവായി വന്നു എന്ന് ഞങ്ങൾ അറിയുന്നു. അപ്പോൾ യേശുവിനെ ഒരദ്ധ്യാപകനായി സ്വീകരിച്ചുകൊണ്ടുള്ള വരവാണ്. ഇദ്ദേഹവും ഒരദ്ധ്യാപകനാണ്. പഴയനിയമത്തിലെ ഉൽപ്പത്തി മുതൽ മലാഖി വരെയുള്ള ഭാഗങ്ങൾ പരിചിതമാണ്. ലോകപരമായും നല്ല അറിവുണ്ട് പ്രായമുണ്ട്, പക്വതയുണ്ട്.

യേശുവിന്റെ പഠിപ്പിക്കലിന്റെ പ്രാധാനവിഷയം എന്താണ്? ഒന്നാമത്, പുതുജനനം. രണ്ടാമത് ദൈവരാജ്യം. യേശു അവനോട്: അമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല. ദൈവരാജ്യം, വീണ്ടും ജനനം ഈ രണ്ട് മാർമ്മികസത്യങ്ങൾ വെളിപ്പെടുത്തുവാനാണ് മിശിഹാതമ്പുരാൻ ഭൂമിയിൽ വന്നത്. എന്താണ് ദൈവരാജ്യം? എല്ലാ സുവിശേഷ യത്നങ്ങളും എഴുതിത്തുടങ്ങുമ്പോൾ ഇങ്ങനെ എഴുതാറുണ്ട്, കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പീൻ. ദൈവരാജ്യം എന്നുപറഞ്ഞാൽ എന്താണ്? യേശു പഠിപ്പിച്ച പ്രാർത്ഥനയ്ക്കകത്ത് അതുണ്ടായിരുന്നു. യേശു പഠിപ്പിച്ചു, നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പീൻ, നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേരപ്പോലെ ഭൂമിയിലും ആക്കേണമെ. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് വിളിച്ചുപറയാൻ യേശു പറഞ്ഞു. എന്താണത്. അതേ, യേശുക്രിസ്തു രാജാവായി ഭൂലോകത്തെ ഭരിക്കുന്ന ഒരു നല്ല കാലം മനുഷ്യനുവേണ്ടി വെച്ചിട്ടുണ്ട്. ആ ദൈവീക ഭരണത്തെ വെളിപ്പെടുത്തുന്ന പ്രസ്താവനകളാണ് ഇവിടെ കാണുന്നത്. എന്നാൽ അതിനുമുമ്പ് ആത്മീയ ദൈവരാജ്യം ഇവിടെ സ്ഥാപിക്കപ്പെടണം. ഈ ആത്മീയ ദൈവരാജ്യമാണ് ദൈവസഭ. അതിലേക്കുള്ള പ്രവേശനയോഗ്യതയാണ് വീണ്ടുംജനനം. ദൈവത്തിന്റെ അടുക്കൽ നിന്ന് ഉപദേഷ്ഠാവായി വന്നവനാണ് താനെന്ന് അംഗീകരിച്ച ഈ ഉപദേഷ്ഠാവിനോട് കടിച്ചാൽ പൊട്ടാത്ത രണ്ടു വിഷയങ്ങൾ യേശു എടുത്തിട്ടു.

നിക്കോദിമോസ് അവനോട്: മനുഷ്യൻ വൃദ്ധനായ ശേഷം ജനിക്കുന്നതെങ്ങനെ? രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്ന് ജനിക്കാമോ എന്നു ചോദിച്ചു. ഇതിനുമുമ്പ് ആരും പറഞ്ഞുകേട്ടിട്ടില്ലാത്ത ഒരു പുതിയ ഉപദേശമണ് യേശു പറഞ്ഞത്. മതങ്ങളുടെ എല്ലാം പഠിപ്പിക്കലുകൾ വളരെ നല്ലതാണ്. പക്ഷെ വീണ്ടും ജനിക്കണം എന്ന ഉപദേശം ഒരു മതത്തിലും ഇല്ല. യേശു മാത്രമെ അതു പഠിപ്പിച്ചിട്ടുള്ളു. ഇവിടെ യേശുവിന്റെ അടുക്കൽ വന്നിരിക്കുന്നത് ഒരു ചെറിയ പുള്ളിയല്ല, യഹൂദമതത്തിന്റെ ഒരു പണ്ഡിതനാണ്, ഉപദേഷ്ഠാവാണ്. പക്ഷെ ഈ കാര്യം അദ്ദേഹവും ആദ്യം കേൾക്കുകയാണ്. അതുകൊണ്ടാണ് അയാൾ ചോദിക്കുന്നത്, മനുഷ്യൻ വൃദ്ധനായ ശേഷം വീണ്ടും അമ്മയുടെ ഉദരത്തിൽ കടന്ന് ജനിക്കാമോ എന്ന്. നിക്കോദിമോസ് പറഞ്ഞത്, ഇതെനിക്ക് ചിന്തിക്കാൻ പോലും അസാദ്ധ്യമായ കാര്യമാണെന്നാണ്. അപ്പോൾ വീണ്ടും കർത്താവ് ആ വിഷയത്തിന് ഒരു വിശധീകരണം കൊടുക്കുന്നു, 5-ാമത്തെ വാക്യം, ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല. പിന്നേയും നിക്കോദിമോസിന് ഒന്നും മനസ്സിലാകുന്നില്ല. വെള്ളത്താലുള്ള ജനനം, ആത്മാവിനാലുള്ള ജനനം, എന്താണത്? ഒരു പിടിയും കിട്ടുന്നില്ല. അപ്പോൾ അടുത്ത കാര്യം യേശു പറയുന്നു, ജഡത്താൽ ജനിച്ചത് ജഡമാകുന്നു ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു.

യേശുവിന് ഒരു പ്രത്യേകതയുണ്ട്, തത്വജ്ഞാനികളോട് സംസാരിക്കുമ്പോൾ യേശു അവരുടേതായ രീതിയിൽ സംസാരിക്കും. യവനായ തത്വചിന്തകർ യേശുവിന്റെ അടുത്തുവന്നപ്പോൾ യേശു പറഞ്ഞു, ഗോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ തനിയെ ഇരിക്കും ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. തന്നെ പിടിച്ച് രാജാവാക്കുവാൻ വന്ന തത്വജ്ഞാനികൾക്ക് യേശു തന്റെ മരണത്തെക്കുറിച്ചാണ് ഇതിനാൽ സൂചിപ്പിക്കുന്നതെന്ന് അവർക്ക് മനസ്സിലായി. അവർ വന്ന കാര്യം നടക്കയില്ലെന്ന് കണ്ട് അവർ തിരികെ പോയി. വേദശാസ്ത്രികൾക്ക് അവരുടേതായ രീതിയിൽ തന്നെ യേശു മറുപടി കൊടുക്കും. വാക്കിൽ കുടുക്കാൻ വരുന്നവർക്ക് അവർക്ക് പറ്റിയ മറുപടി. അതാണ് യേശുവിന്റെ ഒരു ശൈലി. ഇവിടെ യേശുവിന്റെ അടുക്കൽ വന്നിരിക്കുന്നത് ഒരു സത്യാന്വേഷിയാണ്. യേശുവിനെ വാക്കിൽ കുടുക്കാൻ വന്ന ആളല്ല, ജനുവിനായി ചില കാര്യങ്ങൾ ഗ്രഹിച്ചുകൊണ്ടുപോകാൻ വന്ന വേദശാസ്ത്രി. അദ്ദേഹത്തോടാണ് യേശു വീണ്ടും ജനനം എന്ന ആശയം പങ്കുവെയ്ക്കുന്നത്. മനുഷ്യസമൂഹത്തിലെ സകല പ്രശ്നങ്ങൾക്കും കാരണം മനുഷ്യന്റെ ഉള്ളു ചീത്തയായിപ്പോയതാണ്. ബൈബിൾ പറയുന്നു, ഈ മോശമായ കാര്യങ്ങളെല്ലാം മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ് വരുന്നത്. മനുഷ്യന്റെ ഹൃദയത്തിൽ നിന്ന് വരുന്നതാണ് കുലപാതകം, മോഷണം, വ്യഭിചാരം, പക, പിണക്കം, അസൂയ ഇവയെലല്ലാം. അപ്പോൾ മനുഷ്യന്റെ ഉള്ളു വേണം നന്നാകാൻ.

യേശു പറഞ്ഞു, വീണ്ടുംജനനം എന്നു പറയുന്നത് കാറ്റ് ഊതുന്നതുപോലെയാണെന്ന്. എന്നുപറഞ്ഞാൽ കാറ്റുവരുന്നു പോകുന്നു, വന്നതും പോയതും എങ്ങോട്ടാണെന്ന് അറിയുന്നില്ല. പക്ഷെ വന്നപ്പോൾ അറിഞ്ഞു. ഇതുപോലെയാണ് വീണ്ടും ജനനം. എന്നുപറഞ്ഞാൽ വീണ്ടുംജനനത്തിന്റെ ആ ക്രിയ നമുക്ക് കാണാൻ പറ്റില്ല. എന്നാൽ വീണ്ടും ജനിച്ചു എന്ന് ആളെ കണ്ടാൽ അറിയാം. അതായത്, ജനനം രഹസ്യമാണ് എന്നാൽ ജനിച്ചാൽ പരസ്യമാകും. കാറ്റു വന്നു എന്നറിഞ്ഞതെങ്ങനെ? മരങ്ങൾ നിലംപതിച്ചെല്ലൊ, വീടിന്റെ മേൽക്കൂര പറന്നുപോയല്ലൊ. വാഴയെല്ലാം പെടന്നുവീണുകിടക്കുന്നു. ഹൊ, എന്തുഭയങ്കര കാറ്റായിരുന്നു! അപ്പോൾ കാറ്റു വന്നു എന്നറിഞ്ഞു, ഇതുപോലെതന്നെ മനുഷ്യന്റെ അന്തരാത്മാവിൽ നടക്കുന്ന ഒരു ആന്തരിക പ്രക്രിയയാണ് വീണ്ടും ജനനം ദ്’റ്ഴചറചഹഗ. യേശുവിന്റെ വചനങ്ങളാലും യേശുവിന്റെ ആത്മാവിനാലും യേശുവിന്റെ ഉപദേശം കേട്ടതിനാലും യേശുവിനെ വിശ്വസിച്ചതിനാലും വ്യക്തിയുടെ ഉള്ളിൽ നടക്കുന്ന ആഴമായ പരിവർത്തനമാണ് വീണ്ടുംജനനം. അകത്തുനിന്നാണ് ഈ മാറ്റം വരുന്നത്. അകത്തു മാറ്റം വന്നിട്ടുണ്ടെങ്കിൽ അത് പുറത്തും കാണും. പുറത്തു കാണുന്നില്ലെങ്കിൽ അകത്തും മാറ്റമൊന്നും ഉണ്ടായിട്ടില്ലെന്നർത്ഥം.

ഇത് പ്രകൃതിയിൽ കാണുന്ന ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. ചിത്രശലഭത്തിന് അത് ശലഭം ആകുന്നതിനുമുമ്പ് ഒരു സ്റ്റേജുണ്ടായിരുന്നു, , അതാണ് പുഴു. പുഴുവായിരുന്നപ്പോൾ ഇലകൾ കാർന്നുതിന്നാണ് അത് ജീവിച്ചത്. എന്നാൽ ശലഭം ആയിക്കഴിഞ്ഞപ്പോൾ അതിന് ഇല വേണ്ടാ. പൂവിനകത്തുള്ള അൽപം തേൻ മതി. കുറച്ച് ഇല അരച്ച് അതിന്റെ വായിൽ തേച്ചുകൊടുത്താലും അത് തിന്നുകയില്ല. എന്താ തിന്നാത്തത്? അതിന് അതു വേണ്ടാ, അതിന്റെ പ്രകൃതി മാറി. പഴയ പുഴുവാണ് ഇപ്പോൾ വർണ്ണച്ചിറകുകൾ വിടർത്തി പാറിപ്പറന്നു നടക്കുന്നത്, ഇപ്പോൾ കണ്ടാൽ പഴയ പുഴുവാണെന്ന് പറയുകയേയില്ല. ഇതാണ് യേശു നിക്കോദിമോസിനോട് പറഞ്ഞത്. നീ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കുറെ സ്വഭാവങ്ങൾ മാറ്റണമെന്നോ നീ കുറെച്ചുകൂടെ നല്ലവനാകണമെന്നോ ഒന്നുമല്ല യേശു പറഞ്ഞത്. രണ്ടാം അധ്യായത്തിൽ യേശു പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റി. ഇവിടെ ഭൗതീക വസ്തുവിൽ ഒരു രൂപാന്തരമാണ് നടന്നത്. എന്നാൽ മൂന്നാം അധ്യായത്തിൽ അതിന്റെ ആത്മീയ അർത്ഥമാണ് കർത്താവ് പഠിപ്പിക്കുന്നത്. മനുഷ്യന്റെ മനസ്സിൽ രൂപാന്തരം സംഭവിക്കണം. പരിശുദ്ധാത്മാവ് വചനത്തിലൂടെ ക്രിയചെയ്യുമ്പോൾ അതു സംഭവിക്കും. വെള്ളം വീഞ്ഞാക്കിയത് ഒരു വലിയ അത്ഭുതമാണെങ്കിൽ അതിനേക്കാട്ടിലും വലിയ അത്ഭുതമാണ് മനുഷ്യന്റെ മനസ്സിൽ സംഭവിക്കുന്ന രൂപാന്തരം. ഇതിനാണ് വീണ്ടും ജനനം എന്നു പറയുന്നത്. യേശുവിനെ ഹൃദയത്തിൽ കൈക്കൊള്ളുമ്പോൾ അതു സംഭവിക്കുന്നു.

വീണ്ടും ജനനം എന്ന വിഷയം ഇവിടെ മാത്രമല്ല പറഞ്ഞിരിക്കുന്നത്. ബൈബിളിൽ വേറെയും അനേക സ്ഥലങ്ങളിൽ പറഞ്ഞിട്ടുണ്ട്. 2 കൊരി 5:17. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയത് കഴിഞ്ഞുപോയി ഇതാ അതു പുതുതായി തീർന്നിരിക്കുന്നു. പഴയ പ്രകൃതി, പഴയരൂപം, പഴയസ്വഭാവം പഴയഭാഷ. പഴയ വീക്ഷണം, പഴയ രുചി, പഴയബന്ധങ്ങൾ, ഇതിനെല്ലാം സമൂലമായ അടിസ്ഥാനപരമായ മാറ്റം വരുന്ന ഒരു പ്രക്രിയ ഒരു വ്യക്തിയിൽ നടക്കുന്നതാണ് വീണ്ടും ജനനം. ഇതിനകത്ത് മാനസാന്തരമുണ്ട്, ഇതിനകത്ത് വിശ്വാസമുണ്ട്, ഇതിനകത്ത് സ്നാനമുണ്ട്, പ്രാർത്ഥനയുണ്ട്, അങ്ങനെ പലപല കാര്യങ്ങളുണ്ട്. എന്നാൽ ഈ കാര്യങ്ങളെല്ലാം സംഭവിക്കുന്നതിനു കാരണം ഇവന്റെ അകത്ത് വന്ന മാറ്റമാണ്. ഇവന്റെ ചിന്തയിൽ, ഇവന്റെ മനസ്സിൽ കർത്താവിന്റെ വചനത്താൽ വന്ന മാറ്റമാണ് ഈ ബാഹ്യമാറ്റങ്ങൾക്കെല്ലാം കാരണം. നിക്കോദിമോസിനോട് കർത്താവു പറയുന്നത് നിന്റെ ഉള്ളിൽ നിനക്കൊരു മാറ്റം സംഭവിക്കണം. നീ പുതിയ സൃഷ്ടി ആകണം. ഇത് എങ്ങനെ സംഭവിക്കും? അതിനും ഈ കൊരിന്ത്യലേഖനത്തിൽ വിശധീകരണം ഉണ്ട്.

1കൊരി. 4:14,15 ശ്രദ്ധിക്കുക. ‘‘നിങ്ങളെ നാണിപ്പിപ്പാനല്ല, എന്റെ പ്രിയമക്കളോടെന്നപോലെ ബുദ്ധിപറഞ്ഞുകൊണ്ട് ഇതെഴുതുന്നു, നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുവേശുവിൽ ഞാനല്ലൊ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്.’’ അപ്പോൾ സുവിശേഷത്താൽ ഉള്ള ജനനമാണ് വീണ്ടും ജനനം. അപ്പോൾ എങ്ങനെയാണ് ഒരാൾക്ക് വീണ്ടും ജനനം അനുഭവമാകുന്നതെന്ന് നോക്കാം.
ആ കാര്യം മനസ്സിലാകണമെങ്കിൽ 1 പത്രോസ് 1:23 ലേക്ക് വരാം. ‘‘കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടുംജനിച്ചിരിക്കുന്നു.’’ സുവിശേഷത്താൽ ജനിച്ചു എന്നു പറഞ്ഞശേഷം ദൈവവചനത്താൽ വീണ്ടും ജനിച്ചു എന്നു പറഞ്ഞിരിക്കുന്നു. അപ്പോൾ സുവിശേഷം, ദൈവവചനം, ഇവ രണ്ടും ഒന്നാണോ? അതേ. സുവിശേഷം പ്രസംഗിക്കുന്നത് ദൈവവചനത്തിൽ നിന്നാണ്. ദൈവവചനത്തിനകത്താണ് സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ വചനം പ്രസംഗിക്കുമ്പോൾ അതു കേട്ടു വിശ്വസിക്കുന്നവരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് ഒരു പരിവർത്തനം നടത്തി അവരിലുണ്ടാകുന്ന മാറ്റമാണ് വീണ്ടുംജനനം. ഇതിൽ ശ്രോതാക്കൾ എന്തുചെയ്യണം? അവർ സുവിശേഷം ശ്രദ്ധിക്കണം. രണ്ട്, അവർ സുവിശേഷം വിശ്വസിക്കണം. മൂന്ന് അവർ സുവിശേഷം അംഗീകരിക്കണം. ഇതിന് അവർ തങ്ങളുടെ മനസ്സ് അഥവാ will power ഉപയോഗിക്കണം. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു. നിങ്ങൾ നങ്ങളുടെ will power ഉപയോഗിച്ച് യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുമ്പോൾ നിങ്ങളുടെ ഉള്ളിൽ അവൻ ഭരണം നടത്തുകയും അവൻ നിങ്ങളിൽ കത്തൃത്വം നടത്തുകയും ചെയ്യും. അങ്ങനെ നിങ്ങൾ ആത്മീയ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നു. ഇപ്രകാരം വീണ്ടുംജനിച്ചവരാണ് കർത്താവു വരുമ്പോൾ അവന്റെ അക്ഷരീക ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നത്